ഭരണഭാഷ - മാതൃഭാഷ

നം.ഡിഎസ്ജെഒ/കെഎസ്ഡി/സി 3062/2016

ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ
കാര്യാലയം, കാസർഗോഡ്,
തീയ്യതി : 30/12/2017
ഫോൺ : 04994 255074
പിൻ : 671 123
email : dswokgdswd@gmail.com

ജില്ലാ സാമൂഹ്യ നീതി ആഫീസർ,
കാസർഗോഡ്

ശങ്കരൻ ടി
ജി.കെ നഗർ
നിയർ കാപ്പിക്കാട്
എടനാട് പി.ഒ
സൂരംബയൽ, കുമ്പള വഴി
കാസറഗോഡ്

സർ,

വിഷയം- സാമൂഹ്യ നീതി വകുപ്പ്- ജില്ലാ സാമൂഹ്യ നീതി ആഫീസ്, കാസർഗോഡ്-**വിവരാവകാശ നിയമം 2005 പ്രകാരം ചോദ്യത്തിനുള്ള മറുപടി - സംബന്ധിച്ച്**

സൂചന- താങ്കളുടെ 14/12/2017 തീയ്യതിയിലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

FCD
15/1/18

*****************

വിവരാവകാശനിയമപ്രകാരം താങ്കളാവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കാസർഗോഡ്.

ഫയൽ നം. JRaddl-279/17

ചൈൽഡ്‌ലൈൻ പ്രോജക്ട്
മഞ്ചേശ്വരം ഹൊസങ്കടി
തീയതി. 30-6-2017

1509/17

ശിശുവികസന പദ്ധതി ഓഫീസർ
ചൈൽഡ്‌ലൈൻ പ്രോജക്ട്
മഞ്ചേശ്വരം ഹൊസങ്കടി

ദി, ജില്ലാ സാമൂഹ്യനീതി ഓഫീസർ
ജില്ലാ സാമൂഹ്യനീതി ഓഫീസ്
കാസർഗോഡ്.

സർ,

വിഷയം:- ചൈൽഡ്‌ലൈൻ പ്രോജക്ട് - മഞ്ചേശ്വരം ഹൊസങ്കടി - ശ്രീ ശങ്കരൻ.T ശ്രീമതിയും നൽകിയ പരാതിയിൽ മേൽ മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന:- സാമൂഹ്യനീതി ഓഫീസറുടെ 20/6/2017 തീയ്യതിയിലെ DSJO/KSD/B/279/2016 നമ്പർ കത്ത്.

മേൽ സൂചന പ്രകാരം ആവശ്യപ്പെട്ട ശ്രീ. ശങ്കരൻ.T ഉണ്ണിയാട്ടുടെ ശ്രീ: ശ്രീമതിയും നൽകിയ പരാതിയിൽ ~~ഞാൻ~~ മേലുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചൈൽഡ്‌ലൈൻ മഞ്ചേശ്വരം ഹൊസങ്കടി സിവിവി പ്രോജക്ട് സിനാംഗോളി, കാസർഗോഡിൽ ... യായി ജോലി ചെയ്യുന്ന ഞാൻ (ശാന്തകുമാരി. കെ) കഴിഞ്ഞ സിനാംഗോളി ടൗണിൽ ഒരു appartment ഫ്ലാറ്റിലാണ് താമസിക്കുന്നത്. ഞാൻ ഓഫീസിൽ വൈകി എത്തുന്ന കാര്യമില്ല. ഞാൻ അധികവും 10 മണിക്കു മുമ്പ് എത്താറുണ്ട്. Feild Visit ന് പോകുമ്പോഴാണ് ഓഫീസിൽ ഇല്ലാതിരിക്കുന്നത്. Visit കഴിഞ്ഞിട്ട്

(PTO)

ഓഫീസിൽ ഹാജരാകുകയുള്ളൂ. 23-5-2017 തിയ്യ-
തി ഞാനും വടക്കേപ്പുറം സൂപ്പർവൈസർ (അംഗൻ) ശ്രീമ-
തി ശാരദാദേവി ചാൾസ് ന്യൂട്രീഷൻ ആന്റി സന്ദർശന-
ത്തിലായിരുന്നു. ആ സമയത്ത്, 3 മണിയോട് office
attender ആയ ജയരാജൻ എന്നെ ഫോണിൽ
വിളിക്കുന്നത്. എന്താകാര്യം അന്വേഷിച്ചപ്പോൾ ഞാൻ
ഓഫീസിൽ ഒരു വിജിലൻസിന് സംബന്ധിച്ച പരിശോധ-
നയ്ക്ക് വടക്കേപ്പുറത്ത് നിന്ന് വന്നിട്ടുണ്ട്. പരാതി
വാങ്ങിച്ചു വയ്ക്കാൻ ഞാൻ അറിയിച്ചു. പിന്നീട്
സി.ഡി.പി.ഒ യുടെ receipt ബുക്കുകളെ ഞാൻ
ചോദിക്കുന്നു എന്ന് പറയുന്നു, പിന്നീട് ഞാൻ
പരാതിക്കാരന് ഫോൺ കൊടുക്കാൻ ആവശ്യ-
പ്പെട്ടു. ഫോണിൽ വിജിലൻസിനെ സംബന്ധിച്ച
പരാതി സൂപ്പർവൈസറാണ് കൈകാര്യം ചെയ്യു-
ന്നത്. സൂപ്പർവൈസറോട് സംസാരിക്കാൻ ഫോൺ
സൂപ്പർവൈസർക്ക് നൽകി. സൂപ്പർവൈസർ
പരാതിയുമായി ബന്ധപ്പെട്ട് നേരത്തിൽ പറഞ്ഞ
ചെയ്തിട്ടുണ്ടായിരുന്നു. പിന്നീട് ആ ആൾ
വരുമെ ഫോൺവഴി സൂപ്പർവൈസറോട് സംസാരി-
ക്കാനായിരുന്നു. ഫോണിൽ സംസാരിച്ചാൽ മതിയല്ലോ
എന്നോർത്ത് പിറ്റേദിവസം ഉച്ചയ്ക്ക് ശേഷം
ഓഫീസിൽ ഹാജരാകുമെന്ന് അറിയിച്ചു. സൂപ്പർവൈസ-
ർ ബ്ലോക്കിൽ മീറ്റിംഗ് പോകുന്നതുകൊണ്ടാണ്
ഉച്ചയ്ക്ക് ശേഷം വരാൻ പറഞ്ഞത്.

എന്നാൽ 24-5-2017 കാലത്ത് തന്നെ ഓഫീസിൽ എത്തിയ സൂപ്പർവൈസറെ മീറ്റിംഗ് പോകുന്നതിൽ നിന്ന് തടസ്സപ്പെടുത്തുകയും. സൂപ്പർവൈസറെ വളരെ മോശമായ വാക്ക് ഉപയോഗിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ എനിക്ക് സൂപ്പർവൈസറെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വമുള്ളതിനാൽ അവരോട് വളരെ സൗമ്യമായി തിരിയൻ കാര്യങ്ങൾ പറഞ്ഞുകൊടുത്തിട്ടും, അയാൾ എന്റെ നേരെ അസഭ്യ വാക്കുകൾ ഉപയോഗിക്കുകയും, എനിക്ക് ഒന്നും അറിയില്ല സിഡിപിഒ ആയിരിക്കുവാൻ യോഗ്യതയില്ല എന്നും, ഞാൻ ഒരു ~~Retd~~ Rtd-പോലീസ് ഉദ്യോഗസ്ഥനാണെന്നും നിന്നെ കോടതി കയറ്റുമെന്നും, മന്ത്രിയെ, വിജിലൻസും കേസിലും പെടുത്തുമെന്നും പറയുകയും, എന്നെ ജോലി ചെയ്യുവാൻ ഭീഷണിപ്പെടുത്തുകയും ചെയ്തു.

സ്വയം ഞങ്ങൾ സ്ത്രീകളായതുകൊണ്ടാണ് ഉയർന്ന മോശമായ കാര്യങ്ങൾ തന്നെ. സ്ത്രീകളുടെ നേരെ എന്നും അക്രമം എന്നെ പോലുള്ള സ്ത്രീകൾക്ക് Govt ഓഫീസിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ നേരെ ഇത്തരം ഭീഷണിപ്പെടുത്തലിൽ നിന്ന് ഞങ്ങളെ രക്ഷിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു. ഇതുവരെയുള്ള വഴി ബന്ധപ്പെടുത്തിയതാവണം, ശ്രീമതി. അംബികയുടെ പേരിൽ ഇതിനോടൊപ്പം വായിക്കുന്നു.

വിശ്വസ്തതയോടെ

[signature]

Child Development Project Officer
Manjeshwaram Additional
P.O Edanad 671 321

സ്വയംഭാഷ്യം

1/ 28/6/17

ഐ സി ഡി എസ് മങ്കട അഡീഷണൽ പ്രോജക്ടിൽ ഞാൻ ഓഫീസ് അറ്റന്റന്റായി ജോലി ചെയ്യുന്നു. 23/05/2017 ന് സുമാർ 2:30 മണിയായപ്പോൾ ശങ്കരൻ എന്നൊരാൾ ഓഫീസിലേക്ക് കയറി വരുകയും വിധവാ പെൻഷനുമായി ബന്ധപ്പെട്ട് ഒരു പരാതി നൽകുകയും ചെയ്തു. ഞാൻ സ്വീകരിച്ച് ഫയലിൽ വെച്ചപ്പോൾ അദ്ദേഹം രസീത് ആവശ്യപ്പെട്ടു. രസീത് ഓഫീസ് കൊടുക്കുവാൻ എനിക്ക് അധികാരമില്ലെന്ന് അദ്ദേഹത്തെ അറിയിക്കുകയും. കാത്തുകൊണ്ട് കുറച്ചുകഴിഞ്ഞാൽ സൂപ്പർവൈസർ സമയത്തിൽ പോയിരുന്ന വിളിച്ചതിനെ പരാതി ഓഫീസറുമായി ഞാൻ ഫോണിൽ സംസാരിച്ച് ഫോൺ അദ്ദേഹത്തിന് നൽകുകയും ചെയ്തു. വിശദമായ പരാതി ഓഫീസർ അദ്ദേഹവുമായി ഫോണിൽ സംസാരിക്കുകയും, പിന്നീട് വരുമെന്ന് പറഞ്ഞ് അദ്ദേഹം തന്നെ പരാതി തിരികെ വാങ്ങുകയും 3.30 തോടുകൂടി ഓഫീസിൽ നിന്ന് പോവുകയും ചെയ്തു.

വിശ്വസ്തതയോടെ. [signature]

ജയരാജൻ. എം

ഓഫീസ് അറ്റന്റന്റ്

മങ്കട അഡീഷണൽ പ്രോജക്ട്

നിലമ്പൂർ

സമർപ്പ...

ഞാൻ മഞ്ചേശ്വരം അഡീഷണൽ ഐസിഡിഎസ്സ് പ്രോജക്ടിൽ ഐസിഡിഎസ്സ് സൂപ്പർവൈസറായി ജോലി ചെയ്തു വരുന്നു. മംഗൽപാടി പഞ്ചായത്തിലെ സൂപ്പർ-വൈസറായി ചാർജ്ജ് വഹിച്ചുകൊണ്ടിരിക്കുന്നു. 23.5.17 തിയ്യതിയിൽ സിഡിപിഒ-യോടൊപ്പം കണ്ടംകുട്ടിച്ചാൽ, കാഞ്ഞങ്ങാട് ന്യൂട്രിമിക്സ് യൂണിറ്റ് സന്ദർശിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ ഓഫീസിൽ നിന്നും സിഡിപിഒ-ക്ക് ഫോൺ വരികയും സിഡിപിഒ-സംസാരിച്ചശേഷം ഫോൺ എനിക്ക് തരുകയും ചെയ്തു. ശങ്കരൻ എന്ന പരാതിക്കാരൻ ടി ഞങ്ങളുടെ സഹോദരി ഭർത്താവുമായി ബന്ധപ്പെട്ട വിധവാ പെൻഷൻ അപേക്ഷയുമായി സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. വൽസല എന്ന സ്ത്രീ ടി ഞങ്ങളുടെ സഹോദരി മരിച്ചതിനുശേഷം സഹോദരിഭർത്താവിന്റെ കൂടെ താമസിച്ച മറ്റൊരു സ്ത്രീ ആണെന്നും സഹോദരി ഭർത്താവ് മരണപ്പെട്ട ശേഷം വിധവാ പെൻഷൻ ലഭിക്കുന്നതിനു വേണ്ടി മംഗൽപാടി പഞ്ചായത്തിൽ ഈ സ്ത്രീ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അവർക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല എന്നും ഭീഷണിയുടെ സ്വരത്തിൽ എന്നോട് പറഞ്ഞു. നിങ്ങളുടെ പരാതി ഓഫീസിൽ കൊടുത്തോളൂ, ഞാൻ വന്ന് കൈപ്പറ്റികൊള്ളാം എന്നും പഞ്ചായത്തിൽ നിന്നും വൽസല എന്ന സ്ത്രീയുടെ വിധവാ പെൻഷൻ അപേക്ഷ ലഭിക്കുന്ന അവസരത്തിൽ അന്വേഷണ ഉദ്യോഗസ്ഥ എന്ന നിലക്ക് കൃത്യമായും സത്യസന്ധമായും അന്വേഷിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുമെന്ന് അറിയിക്കുകയും ചെയ്തു. നിങ്ങൾ നേരിട്ട് പരാതി സ്വീകരിക്കുകയും അതിന് തരണമെന്ന് ആവശ്യപ്പെടുകയും അയാൾ ആവശ്യപ്പെട്ടപ്പോൾ 24.5.17ന് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഒരു ക്ലാസ് മഞ്ചേശ്വരം ബ്ലോക്ക് ഓഫീസിൽ ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് നടക്കുന്നതുകൊണ്ട് എനിക്ക് ആ ക്ലാസിൽ പങ്കെടുക്കേണ്ടതുണ്ട് എന്നും നിങ്ങൾ ഓഫീസിൽ വന്നോളൂ എന്നും അറിയിച്ചു. ഉച്ചക്ക് ശേഷം ഓഫീസിൽ വരികയും എന്നാൽ ഇയാൾ കാലത്ത് തന്നെ ഓഫീസിൽ വരികയും ക്ലാസിൽ പോവാൻ തടസ്സപ്പെടുത്തികൊണ്ട് അപമര്യാദയായി സംസാരിക്കുകയും ഭീഷണിയായിട്ടുള്ള വാക്കുകൾ ഉപയോഗിച്ച് നിങ്ങളുടെ സിഡിപിഒ-യെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. നിങ്ങളെയും നിങ്ങളുടെ സിഡിപിഒ-യെയും വിജിലൻസ് കോടതി കയറ്റും എന്നും കലക്ടർക്കും മുഖ്യമന്ത്രിക്കും പരാതി കൊടുക്കും എന്നും എന്നെ നിങ്ങൾക്ക് മനസ്സിലായിട്ടില്ല, ഞാനൊരു റിട്ടേർഡ് പോലീസുദ്യോഗസ്ഥനാണ് എന്നും ഭീഷണിപ്പെടുത്തി. ഈ സമയത്ത് സിഡിപിഒ ഇടപെട്ടു. ഈ അവസരത്തിൽ സിഡിപിഒ-യെ അയാൾ കൈയ്യേറ്റം

30/6/17

(PTO)

ചെയ്യുവാൻ ശ്രമിക്കുകയും പരുഷമായ വാക്കു
ചീത്തവിളിക്കുകയും ചെയ്തു. ശ്രീകലയായ ഞാ
ജോലിസ്ഥലത്ത് നേരിടുന്ന ഇത്തരം അതിക്രമങ്ങ
വാനും സംരക്ഷണം നൽകുവാനും വേണ്ട നടപടിക
കൈക്കൊള്ളുവാൻ ~~വേണ്ട~~ ദയവുണ്ടാവണമെന്ന് വിനീത
അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ.

ICDS Su
Ambik

സീതാംഗോളി
30/6/2017.

മഞ്ചേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറായിരുന്ന ശ്രീമതി ശാന്തകുമാരിക്കെതിരെ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ പരാതി നൽകിയ ശ്രീ ശങ്കരൻ ടി 10.11.2017 തിയ്യതി ജില്ലാ സാമൂഹ്യനീതി ഓഫീസർ സമക്ഷം സമർപ്പിച്ച മൊഴി. സംബന്ധിച്ച്.

ശ്രീ ശങ്കരൻ ടിയുടെ സഹോദരി ഭർത്താവ് മരണപ്പെട്ട സാഹചര്യത്തിൽ മറ്റൊരു സ്ത്രീ വിവാഹം കഴിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് മംഗൽപാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമക്ഷം സഹോദരിയുടെ നൽകിയ പരാതിയുടെ പകർപ്പ് 23.05.2017 ന് മഞ്ചേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി കാര്യാലയത്തിൽ സമർപ്പിക്കുന്നതിനായി ചെന്നപ്പോൾ മേൽ കാര്യാലയത്തിൽ ഒരു ക്ലാസ് 4 ജീവനക്കാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഓഫീസർ സ്ഥലത്തില്ലാത്തതിനാൽ വൈകിട്ട് 5 മണിവരെ കാത്തിരുന്നതായും തുടർന്ന് 5 മണിക്ക് ശിശുവികസന പദ്ധതി ഓഫീസറെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ പിറ്റേന്ന് രാവിലെ 10 മണിക്ക് വരാൻ ആവശ്യപ്പെട്ടതായും ശ്രീ ശങ്കരൻ അറിയിക്കുകയുണ്ടായി. എന്നാൽ പിറ്റേന്ന് രാവിലെ 10 മണിക്ക് സി.ഡി.പി.ഒ ഓഫീസിൽ ഹാജരായപ്പോൾ ശിശു വികസന പദ്ധതി ഓഫീസർ എത്തിച്ചേരുകയുണ്ടായില്ലെന്നും 11 മണിവരെ കാത്തിരുന്നപ്പോൾ മേലുദ്യോഗസ്ഥ വരികയും പരാതി അവർക്ക് കൈമാറുകയും ചെയ്തതായി ശ്രീ ശങ്കരൻ ബോധിപ്പിച്ചു. എന്നാൽ ടി പരാതിയുമായി ബന്ധപ്പെട്ട രസീത് നൽകുവാൻ ആവശ്യപ്പെട്ടപ്പോൾ മേൽ ഉദ്യോഗസ്ഥ അതിന തയ്യാറായില്ല എന്നും ടിയാൻ അറിയിച്ചു.

അതിനെതുടർന്ന് ശ്രീ ശങ്കരൻ കാസറഗോ[ഡ്]
DySPയുമായി ഫോണിൽ ബന്ധപ്പെട്ടു
അദ്ദേഹം നിർദ്ദേശപ്രകാരം പരാതി റജിസ്റ്റേഡ്
അയക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരം
16 കിലോമീറ്റർ അകലെയുള്ള കാസറഗോഡ്
പോസ്റ്റാഫീസിൽ പോയി റജിസ്റ്റേഡ് ആയി അയക്കു
കയും രസീത് കൈപ്പറ്റുകയും ചെയ്തു.

സർക്കാർ സേവനങ്ങൾ ലഭിക്കാൻ ബാദ്ധ്യത
പ്പെട്ട ഉദ്യോഗസ്ഥ പരാതിക്ക് രസീതി നൽകിയില്ലെന്ന്
അറിയിച്ച് ശ്രീ ശങ്കരൻ ബഹു. മുഖ്യമന്ത്രിയുടെ പരാതി
പരിഹാര സെല്ലിൽ പരാതി സമർപ്പിക്കുകയുമാണു
ണ്ടായത് എന്ന് അദ്ദേഹം ബോധിപ്പിച്ചു.

ശ്രീ ശങ്കരൻ ടിയാന്റെ മുഖ്യ പരാതി പരാതി
കൈപ്പറ്റി രസീത് നൽകാൻ വിസമ്മതിച്ചു എന്ന
താണെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്.

മൊഴി ടിയാനെ വായിച്ച് കേൾപ്പിച്ച് ശരിയാ
ണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

Shankar
20/11/17
ശങ്കരൻ.പി.

ഭരണഭാഷ - മാതൃഭാഷ

നം.ഡിഎസ്ജെഒ/കെഎസ്ഡി/സി 1279/2016

ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ
കാര്യാലയം, കാസർഗോഡ്,
തീയ്യതി : 04/12/2017
ഫോൺ : 04994 255074
പിൻ : 671 123
email : dswokgdswd@gmail.com

ജില്ലാ സാമൂഹ്യ നീതി ആഫീസർ,
കാസർഗോഡ്

ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം- സാമൂഹ്യ നീതി വകുപ്പ്- ജില്ലാ സാമൂഹ്യ നീതി ആഫീസ്, കാസർഗോഡ്- മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ-ശ്രീ ശങ്കരൻ ടി സമർപ്പിച്ച പരാതി(Docket No G-170505760)- സംബന്ധിച്ച്

സൂചന- സാമൂഹ്യനീതി ഡയറക്ടറുടെ 25/08/2017,28/09/2017,30/10/2017 തീയ്യതികളിലെ E1-23605/17 നമ്പർ കത്തുകൾ

FCD
6/12/17

*****************

ശ്രീ ശങ്കരൻ ബഹു: മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ, മഞ്ചേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർക്കെതിരായി സമർപ്പിച്ച പരാതിയിൽ അടിയന്തിര മറുപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ സുചന പ്രകാരം നിർദ്ദേശം ലഭിച്ചിരുന്നു. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറായിരുന്ന ശ്രീമതി ശാന്തകുമാരിയോടും പരാതിക്കാരനായ ശ്രീ ശങ്കരൻ ടി യോടും പരാതി സംബന്ധിച്ച് നേരിട്ട് സംസാരിച്ചു. മംഗൽപാടി ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന വിധവാ പെൻഷൻ തന്റെ സഹോദരിക്ക് പകരം മറ്റൊരു സ്ത്രീ കൈപ്പറ്റുവാൻ ശ്രമിക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് പരാതിക്കിടയാക്കിയതെന്ന് മനസിലാക്കുവാനും സാധിച്ചിട്ടുണ്ട്. ശ്രീ ടി ശങ്കരൻ മേൽ പരാതിയുടെ പകർപ്പ് സി.ഡി.പി.ഒ മുമ്പാകെ സമർപ്പിക്കുന്നതിനായി മഞ്ചേശ്വരം അഡീഷണൽ ശിശുവികസന പദ്ധതി കാര്യാലയത്തിൽ 23.05.2017 ന് ഹാജരായ സമയത്ത് സി.ഡി.പി.ഒ ആഫീസിൽ ഇല്ലായിരുന്നുവെന്നും ആഫീസിൽ ഹാജരുണ്ടായിരുന്ന ആഫീസ് അറ്റന്റന്റ് സി.ഡി.പി.ഒ യുമായി ഈ സമയത്ത് ഫോണിൽ സംസാരിക്കുകയും ആയത് പ്രകാരം പിറ്റേന്ന് ഹാജരാകുവാൻ നിർദ്ദേശം നൽകിയതായും ശ്രീ ശങ്കരൻ അറിയിക്കുകയുണ്ടായി.പിറ്റേന്ന് ആഫീസിൽ ഹാജരാകാനാവശ്യപ്പെട്ട സമയത്ത് ശങ്കരൻ ആഫീസിൽ എത്തിയെങ്കിലും സി.ഡി.പി.ഒ ആഫീസിൽ ഒരു മണിക്കൂർ കഴിഞ്ഞാണ് ഹാജരായതെന്നും ശ്രീ ശങ്കരൻഅറിയിക്കുകയുണ്ടായി. താമസിച്ച് എത്തിച്ചേർന്ന സി.ഡി.പി.ഒ ശ്രീ ശങ്കരൻ സമർപ്പിച്ച പരാതിക്ക് ആവശ്യമായ രസീതി നൽകുവാൻ വിസമ്മതിച്ചതായും മനസിലാക്കുന്നു. ശങ്കരൻ കാസറഗോഡ് വിജിലൻസ് ഡി.വൈ.എസ്.പിയുമായി ഫോണിൽ സംസാരിക്കുകയും രസീതി നൽകാത്തത് സംബന്ധിച്ച നിജസ്ഥിതി ഡി.വൈ.എസ്.പിയെ ബോധ്യപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡി.വൈ.എസ്.പിയുടെ നിർദ്ദേശ പ്രകാരം 13 കിലോമീറ്റർ അകലെയുള്ള കാസറഗോഡ് പോസ്റ്റോഫീസിൽ വന്ന് മേൽ പരാതിയുടെ പകർപ്പ് റജിസ്റ്റേഡ് തപാലിൽ സി.ഡി.പി.ഒയ്ക്ക് അയച്ചതായും

ഈ കാര്യാലയത്തിൽ അറിയിക്കുകയുണ്ടായി. കാര്യാലയങ്ങളിൽ പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതിക്ക് തൽസമയം രസീതി നൽകുന്നതിന് വ്യവസ്ഥയുണ്ട് എങ്കിലും സി.ഡി.പി.ഒ ശ്രീമതി ശാന്തകുമാരി രസീത് നൽകുവാൻ വിസമ്മതിച്ചതാണ് ശ്രീ ശങ്കരൻ പരാതി നൽകുവാൻ ഉണ്ടായ കാരണമെന്ന് മനസിലാക്കുന്നു.

ശ്രീ ശങ്കരൻ പരാതിയുമായി ആഫീസിൽ ഹാജരായ ദിവസം മംഗൽപാടി ഗ്രാമ പഞ്ചായത്ത് സൂപ്പർവൈസറോടൊത്ത് കാഞ്ഞങ്ങാട് ന്യൂട്രിമിക്സ് പ്രൊജക്ടിൽ സന്ദർശനത്തിലായിരുന്നുവെന്ന് സി.ഡി.പി.ഒ രേഖാമൂലം ഇക്കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. പിറ്റേന്ന് ഉച്ചയോടുകൂടി വന്നാൽ പരാതി സംബന്ധിച്ച് വിശദാംശം നേരിൽ കേൾക്കാമെന്ന് ശ്രീ ശങ്കരനെ അറിയിച്ചതായും സി.ഡി.പി.ഒ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ ശ്രീ ശങ്കരൻ രാവിലെ 10 മണി സമയത്ത് തന്നെ ആഫീസിൽ ഹാജരാവുകയും താൻ എത്തിച്ചേർന്നപ്പോൾ ആഫീസ് അന്തരീക്ഷത്തിന് നിരക്കാത്ത രീതിയിൽ മോശപ്പെട്ട ഭാഷയിൽ തന്നോട് സംസാരിച്ചതായും സി.ഡി.പി.ഒ ആയ ശ്രീ ശാന്തകുമാരി രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്.

പരാതി സമർപ്പിക്കുവാൻ കാര്യാലയത്തിൽ എത്തിച്ചേരുന്ന പൊതുജനങ്ങൾക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം രസീതി നൽകുവാൻ വ്യവസ്ഥയുണ്ടായിട്ടും ശിശുവികസന പദ്ധതി ആഫീസർ അത് നൽകിയിട്ടില്ലെന്നത് ഗൗരവമർഹിക്കുന്ന വിഷയമാകുന്നു. ശ്രീമതി ശാന്തകുമാരി നിലവിൽ കാസറഗോഡ് ജില്ലയിൽ സേവനമനുഷ്ഠിക്കാത്ത സാഹചര്യത്തിൽ അവർക്കെതിരെ തുടർനടപടി ശുപാർശ ചെയ്യുവാൻ ഈ കാര്യാലയം മുഖേന നിർവ്വാഹമില്ലെന്ന വിവരവും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ കാര്യാലയം
തീയതി ..........
കാസർഗോഡ്
ഫോ 04994 255074

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കാസർഗോഡ്.